പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3790 15.05.2017 ൽ മറുപടിയ്ക്ക്

## സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ്<br>" വി. അബ്ദുറഹിമാൻ<br>" പുരുഷൻ കടലുണ്ടി<br>" ...ആർ.കേളു | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സാക്ഷരത നേടിയെടുക്കുന്ന വ്യക്തികളുടെ തുടർ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ഇല്ല. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി മുഖേന സാക്ഷരത കൈവരിക്കുന്ന നവ സാക്ഷരരുടെ തുടർ പഠനത്തിനായി സാക്ഷരതാമിഷൻ നടപ്പിലാക്കിവരുന്ന നാല്, ഏഴ്, പത്ത്, ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള അവസരം സാക്ഷരതാമിഷൻ നൽകി വരുന്നു. 2011 ലെ സെൻസസ് പ്രകാരം 18 ലക്ഷം നിരക്ഷരർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിൽ നാലാംതരം വിജയിക്കാത്തവരെ കണ്ടെത്തി സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയെടുക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി മാറുന്നതിന് സാക്ഷരതാമിഷൻ അതോറിറ്റി ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതിയാണ് "അതുല്യം". ഈ പദ്ധതിയിലൂടെ 2,02,862 പേർക്ക് പ്രാഥമികവിദ്യാഭ്യാസം നേടി യെടുക്കാൻ സാക്ഷരതാമിഷന് കഴി ഞ്ഞിട്ടുണ്ട്. അതുപോലെ ഏഴാതരം തുല്യത അവസാന ബാച്ചിൽ (2016 നവംബർ) 7771 പഠിതാക്കൾ രജിസ്റ്റർ ചെയ്യുകയും 4939 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. പത്താംതരം തുല്യത 11-ാം |

| | | | |
|---|---|---|---|
| | | | ബാച്ചിൽ 31286 പേർ രജിസ്റ്റർ ചെയ്ത് പഠനം നടത്തി വരുന്നു. ഹയർസെക്കണ്ടറി തുല്യത രണ്ടാം ബാച്ചിൽ (2016-18) 14934 പേർ രജിസ്റ്റർ ചെയ്ത് പഠനം നടത്തി വരുന്നു. |
| സി) | ദേശീയ സാക്ഷരതാമിഷനിൽ നിന്നും ആവശ്യമായ ഗ്രാന്റുകൾ ലഭിക്കാത്തത് പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്; സ്ത്രീസാക്ഷരതാ നിരക്ക് 50% ൽ കുറവുള്ള ജില്ലകൾക്കു മാത്രമാണ് പ്രവർത്തനങ്ങൾക്കായി ദേശീയ സാക്ഷരതാമിഷൻ 2009 ന് ശേഷം ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. എന്നതിനാൽ കേരളത്തിന് കേന്ദ്രസർക്കാർ ഗ്രാന്റ് ലഭിക്കുന്നില്ല. 2009 മുതൽ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് ലഭിക്കുന്നത്. |
| ഡി) | മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക് മാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | സാക്ഷരതാമിഷന്റെ ജീവനാഡികളായ സാക്ഷരതാ പ്രേരക് മാരെ ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി ഇവരുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ